

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 2 FEBRUARY 2010


## എഡിറ്റോറിയൽ

### നമ്മുടെ പരിമിതികൾ മനസ്സിലാക്കുക

"മുമ്പന്മാർ വന്നപ്പോൾ തങ്ങൾക്ക് അധികം കിട്ടും എന്നു നിരൂപിച്ചു. അവർക്കും ഓരോ വെള്ളിക്കാശു കിട്ടി. അതു വാങ്ങിയിട്ട് അവർ വീട്ടുടയവന്റെ നേരെ പിറുപിറുത്തു". (മത്താ 20 : 10 - 11).

എന്തു കിട്ടിയാലും മതിവരാത്ത സ്വഭാവമുള്ളവർ ധാരാളമുണ്ട്. അവർ എപ്പോഴും അസംതൃപ്തരായിരിക്കും. ജീവിതത്തിൽ സന്തോഷമെന്നത് അവർക്ക് അപ്രാപ്യമായിരിക്കും. അവരുടെ നോട്ടം എപ്പോഴും മറ്റുള്ളവരുടെ സൗകര്യങ്ങളിൽ മാത്രമായിരിക്കും. നമുക്ക് അത്യാവശ്യത്തിനുള്ള സൗകര്യങ്ങൾ ഉണ്ടോ എന്നു നോക്കാറില്ല.

കർത്താവു പറഞ്ഞ ഉപമയിൽ, ഒരു കൃഷിക്കാരൻ രാവിലെ വേലക്കു വിളിച്ചവർക്ക് പറഞ്ഞൊത്ത കൂലി കൊടുത്തു. താമസിച്ചു വന്നവർക്കും ഏറ്റവും ഒടുവിൽ വന്നവനും അതേ കൂലി തന്നെയാണു കൊടുത്തത്. ആദ്യം വന്നവൻ അവസാനം വന്നവനേക്കാൾ കൂടുതൽ കിട്ടുമെന്നു വിചാരിച്ചു. അതില്ലാതെ വന്നപ്പോൾ പിറുപിറുത്തുകൊണ്ടാണ് പോയത്. പലപ്പോഴും നമ്മുടെ പ്രതികരണവും ഈവിധത്തിലാണ്.

നമുക്കാവശ്യമുള്ളത് ലഭിക്കുന്നുണ്ടോ എന്നു നോക്കാതെ, മറ്റുള്ളവർക്ക് നമ്മെക്കാൾ കൂടുതൽ ലഭിക്കുന്നുണ്ടോ എന്നു നോക്കുന്നതുകൊണ്ടാണ് നാം ഈ വിധത്തിൽ പ്രതികരിക്കുന്നത്.

ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടി നോക്കണം. (ഫിലി. 2:3,4). നാം കൊടുക്കുന്നതിൽ കൂടി വേണം നാം അറിയപ്പെടുവാൻ. നാം സമ്പാദിക്കുന്നതിൽ കൂടി മാത്രമാകരുത്. മറ്റുള്ളവരെപ്പോലെ സമ്പാദിക്കുവാൻ പറ്റുന്നില്ലല്ലോ എന്നാണ് പലരുടെയും ചിന്ത. അതുമാറ്റി മറ്റുള്ളവരെ സഹായിക്കാൻ ദൈവത്തിന്റെ അനുഗ്രഹത്തിനായി വേണം നാം പ്രാർത്ഥിക്കാൻ. നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്ക (ലൂക്കോ 6:30).

യാക്കോബിന്റെയും യോഹന്നാന്റെയും അമ്മ, അവർക്കുവേണ്ടി യേശുവിനോട് ശുപാർശ ചെയ്യുന്നത് നമുക്ക് കാണാം (മത്താ 20:20). യേശുവിന്റെ രാജ്യത്തിൽ പ്രമുഖസ്ഥാനത്തിനുവേണ്ടിയായിരുന്നു ഇത്. ഈ സമീപനം തെറ്റാണെന്നും മറ്റുള്ളവരെ സേവിക്കുവാനും, സഹായിക്കുവാനും തയാറായാൽ ഉന്നതസ്ഥാനത്തെത്താമെന്നും യേശു പഠിപ്പിക്കുന്നു. നാം പണശേഷികൊണ്ട് ഉന്നതസ്ഥാനത്തെത്താൻ ശ്രമിക്കാറുണ്ട്. എന്നാൽ മദർ തെരേസയെപ്പോലുള്ളവർ ചെയ്തത് യേശുവിന്റെ ഇഷ്ടമാണ്.

ഏതു തുറയിൽ പ്രവർത്തിക്കുന്നവർക്കും ജനസേവനം ചെയ്യാൻ സാധിക്കും. സേവനം ചെയ്യുന്നവരെ ജനങ്ങൾ സേവിക്കും.

ചായ രുചിച്ച് അതിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നവർക്ക് വളരെ നിർബന്ധമായ ഭക്ഷണക്രമമുള്ളതുപോലെ യേശുവിന്റെ കൂടെ നടക്കുന്നവർ നിർബന്ധമായും സൂക്ഷ്മത പാലിക്കേണ്ടതാണ്. നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരുക്കുന്നെങ്കിൽ ഭൂമിയിലുള്ളതല്ല ഉയരത്തിൽ ഉള്ളതു തന്നെ ചിന്തിപ്പിൻ (കൊലോ 3:2) എന്നുള്ള പൗലോസിന്റെ പ്രബോധനം ശ്രദ്ധിക്കണം. അങ്ങനെ ചിന്തിച്ചാൽ നമ്മുടെ പരിമിതികൾ നമുക്ക് മനസ്സിലാകുകയും ചെയ്യും. ■

# Let there be light!

**Dr. Yakob Mar Irenaios Metropolitan**



A world without light is unthinkable for us! Even if it can exist, it does not make sense to us. It is vouched by Eastern Church Fathers that the creator God, started the process of creation, first by creating light. We know that God's presence is signified by light. Conversely, evil makes its presence felt by all consuming darkness. Nothing is clear in the darks and darkness defies definition.

We are able to see ourselves and everything around us only because light enlightens our eyes as well as those objects. The Psalmist proclaims that we see light because of God's light. In fact characterising God as light and love are the two most beautiful images in the Bible. Jesus declared that He is the light of the world; and this shall be read along with his other exhortation" You are the light of the world". It seems obvious that God who is light and the source of light has enlightened and kindled each of us as small bright and burning lamps. It may be useful to ponder that the small light burning incessantly is a sure 'witness' to the bigger light that is God!

The light that is burning within us could certainly be reflected on our faces. We all agree that when our mind is relaxed and tension-free, and when we have a sense of joy and achievement, our very face will show it all with a bright positive demeanour. Instead troubled and vexed face certainly is an extension of the turmoil within.

With a little effort on our part, everyone of us could put on the mantle of light, and ofcourse, send out the message of peace and consideration all around us. This is the 'highway' to become a blessing for the lives about us. We will be able to see persons and things around us in a balanced, equanimous and unbiased manner, only if there is an undying light burning within us. Those who had impure and questionable lives, are liable to have thick waves of darkness in them. Where Jesus makes his presence, the darkness is effaced, the light of love and compassion, repentance and showness begin to burn brightly! ■

## ഇടവകദിനം

കത്തീഡ്രൽ ഇടവകദിനവും, ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികവും സംയുക്തമായി ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച പള്ളിയിൽ നടക്കും. ഇടവക മെത്രാപ്പോലീത്താ അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി മുഖ്യാതിഥിയായിരിക്കും. ഇടവകയിലെ 80 വയസ്സ് പൂർത്തീകരിച്ച പുരുഷന്മാരെയും, സ്ത്രീകളെയും ആദരിക്കുന്ന ചടങ്ങും ക്രമീകരിച്ചിട്ടുണ്ട്. വൈകുന്നേരം 4 ന് ആരംഭിക്കുന്ന പ്രസ്തുത പരിപാടിക്കുശേഷം സന്ധ്യാനമസ്കാരം, ഇടവകദിനസമ്മേളനം, ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം, സ്നേഹവിരുന്ന് എന്നിവയും ഉണ്ടായിരിക്കും.

## വികാരിയുടെ കത്ത്



# നമ്മുടെ ഇളംതലമുറ

ഫാ. പി. ഐ. വർഗ്ഗീസ്

“നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ” എന്ന് നമ്മുടെ കർത്താവ് ഒരിക്കൽ പറഞ്ഞത് അന്നത്തേക്കാൾ ഇന്നാണ് കൂടുതൽ സംഗതമായിട്ടുള്ളത് എന്ന് തോന്നിപ്പോകുന്നു. നാം വിലമതിക്കുന്ന പലതിനെയും അവമതിക്കുകയും, നാം അവഗണിക്കുന്ന പലതിനെയും ആശ്ലേഷിക്കുകയും ചെയ്യുന്ന ഒരു ഇളംതലമുറയാണ് ഇന്ന് നമ്മുടെ പല കുടുംബങ്ങളിലും കണ്ടുവരുന്നത്. നാം കുഞ്ഞുങ്ങളായിരുന്നപ്പോൾ വളർന്ന കുടുംബാന്തരീക്ഷമല്ല ഇന്നുള്ളത്. നാം ആദ്യം ഉച്ചരിച്ച വാക്യങ്ങൾ വേദവാക്യങ്ങളാണ്. ആദ്യം ആലപിച്ച ഗാനങ്ങൾ ആത്മിക ഗീതങ്ങളാണ്. നമ്മുടെ ആദ്യകൂട്ടുകാർ ദേവാലയങ്ങളിലും സണ്ടേസ്കൂളുകളിലും നിന്ന് ലഭിച്ചിട്ടുള്ളവരാണ്. വേദപുസ്തകം വായിച്ചാണ് വായന പഠിച്ചത്. കുടുംബ പ്രാർത്ഥനയില്ലാത്ത ഒരു ദിവസം കണ്ടെത്തുക ദുഷ്കരമായിരുന്നു.

ഇന്നോ? സ്ഥിതികൾ എല്ലാം പാടേ മാറിയിരിക്കുന്നു. It is an age of speed. എല്ലാവരും ‘അതിവേഗം ബഹുദൂരം’ എന്ന പ്രമാണത്തെ അറിഞ്ഞോ അറിയാതെയോ പിൻപറ്റുകയാണ്. നമ്മുടെ മാതാപിതാക്കളിൽ നല്ല പങ്കും കൃഷി, കച്ചവടം മുതലായ സ്വന്തം തൊഴിലുകളിൽ വ്യാപൃതരായിരുന്നപ്പോൾ കുടുംബ പ്രാർത്ഥനയ്ക്കും മറ്റ് ആത്മീയ കാര്യങ്ങൾക്കും, മക്കളെ ധാർമ്മിക നിലവാരത്തിൽ വളർത്തുന്നതിനും സമയം കണ്ടെത്തിയിരുന്നു. ഉണ്ണാനും, ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് വിചാരിച്ചിരുന്ന ഒരുകാലം. ഇന്ന് സ്ഥിതി അതല്ല. പലരും കമ്പനികളിലോ ഫാക്ടറികളിലോ വ്യവസായസ്ഥാപനങ്ങളിലോ ഒക്കെ ജോലി ചെയ്യുന്നു. രാപകൽ വ്യത്യാസമില്ലാതെ ലഭിക്കുന്ന നിഷ്ക്കർഷയനുസരിച്ച് പണിയെടുക്കുന്നു. പലരുടെയും കുട്ടികൾ കൂടെയില്ല. ദൂരെ വീട്ടിലോ, ഹോസ്റ്റലുകളിലോ ഒക്കെയാണ്. കൂടെയുണ്ടെങ്കിൽത്തന്നെ അവരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ സമയമില്ല. കുടുംബപ്രാർത്ഥനയ്ക്കും, പള്ളിയാരാധനകൾക്കും അനുകൂലമല്ലാത്ത സാഹചര്യങ്ങൾ. പരിണിതഫലമോ, കുഞ്ഞുങ്ങൾ അവരുടേതായ ചുറ്റുപാടുകളിൽ വളർന്നുവരുന്ന സ്ഥിതിവിശേഷം.

വിദേശത്തുപോയി സകുടുംബം ജോലിചെയ്യുന്നവരുടെ കാര്യം ഇതിലും പരിതാപകരമാണ്. ആയിരക്കണക്കിന് മലയാളികളുള്ള അമേരിക്ക പോലുള്ള രാജ്യങ്ങളിലെ വൻ നഗരങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും കുട്ടികൾക്ക് വീടിനുള്ളിൽ കേരളം, പുറത്ത് അമേരിക്ക. യാതൊരു ബന്ധവുമില്ലാത്ത രണ്ട് സംസ്കാരങ്ങൾ. ഇവയുടെ നടുവിൽ എവിടെ കാലുറപ്പിക്കണമെന്ന് അറിയാതെ കുട്ടികളും, യുക്തമായ മാർഗ്ഗ നിർദ്ദേശം നൽകുവാൻ കഴിയാതെ മാതാപിതാക്കളും ഞെങ്ങി ഞെരുങ്ങുകയാണ്. തന്മൂലം തങ്ങൾ ആഗ്രഹിക്കാത്ത വഴികളിൽ കുട്ടികൾ വഴുതിവീഴുകയും, അർത്ഥപൂർണ്ണമായ ജീവിതത്തിന്റെ ഉടമകളായിത്തീരാൻ കഴിയാതെപോവുകയും ചെയ്യുന്നു. ഒരുതരം നിസ്സഹായതയാണ് നാമിവിടെ കാണുന്നത്.

നമ്മുടെ ഇളം തലമുറ പൂർവ്വികന്മാരുടെയും, നമ്മുടെയും വഴിയിലല്ല സഞ്ചരിക്കുന്നത് എന്ന് സമ്മതിച്ചേ കഴിയൂ. വസ്ത്രധാരണരീതി, ഭാഷാപ്രയോഗങ്ങൾ, ഭക്ഷണശൈലികൾ എന്നീകാര്യങ്ങളിൽ വന്ന വ്യത്യാസമല്ല, അത് അത്ര ഗൗരവതരവുമല്ല. എന്നാൽ നമ്മുടെ ദൈവം അവരുടെ ദൈവമല്ല, നമ്മുടെ രക്ഷിതാവ് അവരുടെ രക്ഷിതാവല്ല, നമ്മുടെ വിശ്വാസം അവരുടെ വിശ്വാസമല്ല, നമ്മുടെ നിത്യത അവരുടെ നിത്യതയല്ല, തുടങ്ങി മനുഷ്യജീവിതത്തിന്റെ അസ്തിത്വം ഇളക്കിമറിക്കുന്ന വിശ്വാസങ്ങളിലേക്ക് വഴുതിമാറുന്നത് അക്ഷന്തവ്യമാണ്.

നമുക്ക് ദൈവം മക്കളെ നൽകിയിട്ടുണ്ടെങ്കിൽ അവരെ കർത്താവിനുവേണ്ടി കർത്താവിൽ വളർത്തുവാനുള്ള ഉത്തരവാദിത്വവും അതോടൊപ്പം നൽകിയിട്ടുണ്ടെന്നോർക്കണം. ഈ ലക്ഷ്യപ്രാപ്തിക്ക് തടസ്സമായ യാതൊന്നും ജീവിതത്തിൽ വരാൻ സമ്മതിക്കരുത്. കൂടുതൽ സമയം വേലചെയ്ത് സമ്പത്ത് വർദ്ധിപ്പിക്കുമ്പോൾ മക്കളെന്ന ദൈവീകസമ്പത്ത് നഷ്ടമാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സമയം കിട്ടിയില്ല എന്ന ന്യായീകരണം ഉപാധിയാക്കി കുടുംബപ്രാർത്ഥന നടത്താത്ത ഒരുദിവസം പോലും ഉണ്ടാകരുത്. വേദപുസ്തകം വായിക്കുവാനും, പ്രാർത്ഥിക്കുവാനും കുഞ്ഞുങ്ങളെ പഠിപ്പിക്കണം. ആരാധനയിൽ പങ്കെടുക്കുന്നത് ഒരു ശീലമാക്കി മാറ്റണം. സണ്ടേസ്കൂളിൽ മാത്രമല്ല, പ്രാർത്ഥനായോഗങ്ങളിലും മറ്റാരാധനകളിലും മക്കളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. ഇവിടെ മാതാപിതാക്കളുടെ മാതൃക ഒരു അനിവാര്യതയാണ്.

നമ്മുടെ ഇളംതലമുറ ആപത്ക്കരമായ ഒരു വഴിത്തിരിവിലെന്ന ബോദ്ധ്യത്തോടെ, ഒരു അടിയന്തിരാവസ്ഥ അഭിമുഖീകരിക്കുന്നു എന്ന ഗൗരവത്തോടെ പ്രവർത്തിക്കുവാൻ നമുക്കിടയാകട്ടെ. അങ്ങനെയെങ്കിൽ ദുഃഖിക്കേണ്ടിവരില്ല. അല്ലെങ്കിൽ.........? ■

# BE SURE YOUR SIN WILL FIND YOU OUT

**Nishin George Vijayababu,** Advocate, Ernakulam

“But if you do not do so, then take note, you have sinned against the Lord; ***and be sure your sin will find you out***” **Numbers 33:23** (NKJV*)

### Effect of sin

Sin is never acceptable to God as it causes death, division, pain, separation from God, cynicism, fear, guilt, and restlessness and also destroys values, ideals, peace, relationship, and usefulness. The wage of Sin is death (Romans 6:23) )." We as ordinary human beings are prone to commit sins. "… It is impossible that no offences should come but woe to him through whom they come." Luke 17:1 (NKJV) We may very well think we are getting away with something but we can be sure our sin will find us out, sometimes sooner, sometimes later. Since the consequences of sin are not always immediate we may be under the illusion that all is well. But eventually our sin will find us out

### Sin never goes unexposed

Moses who was leading the Israelites from the slavery of the Egyptians spoke about the sin finding out the sinner to the children of Rueben and children of Gad. The children of Reuben and Gad decided to stay in the land of Jazer and Gilead, which could be used as a pasture for their cattle. Moses then brings to their notice of their duty to support their brethren in fighting the war to secure the eastern portion of Jordan. Moses reminded them the consequence of their forefathers disregarding the word of God and the slavery they had to undergo for 40 years under the Egyptians. Subsequently they assured Moses that they would not inherit the land of Jazer and Gilead until every one of Israel received his inheritance. Moses had given this warning to the children of Rueben and Gad apprehending that the children of Rueben and Gad would go back from their word. Moses is in fact speaking of one particular sin, that being a stubborn refusal to wholly follow the Lord! He also warns them that their sins will never go unexposed before the God.

* NKJV (New King James Version Bible)

*... (to be contd. in the next issue)*

ഭദ്രാസനവിശേഷങ്ങൾ

# മെൽത്തോ 2010
## എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ

കൊച്ചി നഗരപരിധിയിലുള്ള നമ്മുടെ എല്ലാ പള്ളികളുടെയും സംയുക്താഭിമുഖ്യത്തിലുള്ള കൺവെൻഷൻ – **മെൽതോ 2010, എറണാകുളം ഓർത്തഡോക്സ് കൺവെൻഷൻ** – മാർച്ച് 7, 8, 9 തീയതികളിൽ രാജേന്ദ്രമൈതാനത്ത് നടക്കും. അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനിയുടെ താത്പര്യപ്രകാരം സമ്മേളിച്ച വൈദികരുടെയും, പള്ളിപ്രതിനിധികളുടെയും യോഗത്തിലാണ് തീരുമാനം. അഭി. തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ശ്രേഷ്ഠനിയുക്ത കാതോലിക്കാ അഭി. മാർ മീലിത്തിയോസ് മെത്രാപ്പോലീത്താ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ അഭി. മാർ പോളിക്കാർപ്പോസ് തിരുമേനി ആശംസകൾ അർപ്പിക്കും. ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, ഫാ. വർഗീസ് വർഗീസ്, ഫാ. ജോസഫ് സാമുവൽ എന്നിവർ വൈകുന്നേരങ്ങളിലും, ഫാ. ഡോ. ഒ. തോമസ് പകൽ യോഗങ്ങളിലും പ്രസംഗിക്കും. 7ന് കത്തീഡ്രലിൽ നടക്കുന്ന ‘Professionals’ Meet’ ൽ വച്ച് അഭി. ഇടവക മെത്രാപ്പോലീത്താ കൺവെൻഷൻ ഓഫീസ് ഉദ്ഘാടനം ചെയ്യും. കത്തീഡ്രൽ വികാരി. ഫാ. ഒ.വി. ഏലിയാസ്, അസി. വികാരി ഫാ. പി. ഐ. വർഗ്ഗീസ് എന്നിവർ ജനറൽ കൺവീനർമാരായും മറ്റ് വൈദികരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികളും പ്രവർത്തിക്കുന്നു.

## വിനോദയാത്ര

കത്തീഡ്രലിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും (MGOCSM) വനിതാ സമാജത്തിന്റെയും ആഭിമുഖ്യത്തിൽ വെവ്വേറെ വിനോദയാത്രകൾ നടത്തി. വിദ്യാർത്ഥിപ്രസ്ഥാനം, വാഗമൺ, പീരുമേട് എന്നീ സ്ഥലങ്ങളിലേക്കും, സ്ത്രീസമാജം, ചെറായി, മുനമ്പം എന്നിവിടങ്ങളിലേക്കുമാണ് യാത്രകൾ സംഘടിപ്പിച്ചത്. ഇടവകയിലെ വൈദികരുടെയും, പ്രസ്ഥാനങ്ങളുടെ ചുമതലക്കാരുടെയും നേതൃത്വത്തിൽ നടത്തിയ ഉല്ലാസയാത്രകൾ, ഏറെ സന്തോഷപ്രദവും, അംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധം ഊട്ടിയുറപ്പിക്കുന്നതുമായിരുന്നു.



**സേവനപാതയിൽ:** വനിതാ സമാജാംഗങ്ങൾ അഭി.തിരുമേനിയോടൊപ്പം, കൊരട്ടി കുഷ്ഠരോഗാശുപത്രി സന്ദർശിച്ചപ്പോൾ



വനിതാസമാജത്തിന്റെ നേതൃത്വത്തിൽ ജനറൽ ആശുപത്രിയിൽ നടന്ന ഉച്ചക്കഞ്ഞി വിതരണം

**മൂന്ന് നോമ്പ്**

ഈ വർഷത്തെ മൂന്നു നോമ്പാചരണം കത്തീഡ്രലിലും അനുഗ്രഹപ്രദമായി നടന്നു. ശുശ്രൂഷകൾക്ക് കൊല്ലം ഭദ്രാസന സുവിശേഷ സംഘവും, ഇടവകയിലെ വൈദികരും നേതൃത്വം നൽകി.

## കത്തീഡ്രൽ പെരുന്നാൾ

കത്തീഡ്രലിലെ പ്രധാന പെരുന്നാൾ ജനുവരി 9,10 തീയതികളിൽ അനുഗ്രഹകരമായി നടന്നു. കൽക്കട്ട ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനി പെരുന്നാളിൽ മുഖ്യ കാർമ്മികനായിരുന്നു. ശനിയാഴ്ച സന്ധ്യാനമസ്കാരത്തെ തുടർന്ന് പ്രസംഗം, പ്രദക്ഷിണം, ആശീർവാദം എന്നിവയും, ഞായറാഴ്ച വി.കുർബ്ബാന, പ്രദക്ഷിണം, നേർച്ച വിളമ്പ് എന്നിവയും നടത്തപ്പെട്ടു. മുൻ പതിവുപോലെ പ്രഭാതഭക്ഷണവും ക്രമീകരിച്ചിരുന്നു. ഇടവകാംഗങ്ങളെല്ലാവരുംതന്നെ ‘ഷെയർ’ എടുത്ത്, നേർച്ചക്കാരായി പെരുന്നാളിൽ പങ്കുചേർന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഇടവക പെരുന്നാളിന്റെ ദൃശ്യങ്ങൾ









ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ജനുവരി മാസത്തെ വിതരണം, ജനുവരി 13-ന് നമ്മുടെ ഇടവകാംഗമായ റിയർ അഡ്മിറൽ ജോർജ്ജ് കുരുവിള, കാൻസർ വാർഡിലെ ഡോക്ടർ ജയറാമിന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. MGOCSM യൂണിറ്റ് സെക്രട്ടറി ഗീവർഗ്ഗീസ് പിങ്കുവും മറ്റും സമീപം.

## വിശേഷദിവസങ്ങൾ

**ഫെബ്രുവരി**

| | |
|---|---|
| 9 ചൊവ്വ | : പ്രഥമ വികാരി ജേക്കബ് മുരിക്കലച്ചന്റെ ഓർമ്മ |
| 14 ഞായർ | : കൊത്നേ (പേത്തറുത്ത) ഞായറാഴ്ച |
| 15 തിങ്കൾ | : വലിയ നോമ്പ് ആരംഭം. രാവിലെ 11 മണിക്ക് കത്തീഡ്രലിൽ ഉച്ച നമസ്കാരവും, ശുബക്കോനോ ശുശ്രൂഷയും |
| 21 ഞായർ | : ഗർബോ - കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |
| 23 ചൊവ്വ | : പ. വട്ടശേരിൽ മാർ ദീവന്നാസിയോസിന്റെ ഓർമ്മ (പഴയ സെമിനാരി) |
| 28 ഞായർ | : മശ്റിയോ - തളർവാതരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച |

**മാർച്ച്**

| | |
|---|---|
| 7 ഞായർ | : ക്നാനൊയിത്തോ - ക്നാനായക്കാരിയുടെ മകളെ സൗഖ്യമാക്കിയ ഞായറാഴ്ച |



## അഭിനന്ദനങ്ങൾ

സണ്ടേസ്കൂൾ കുട്ടികൾക്കുവേണ്ടി YMCA നടത്തിയ elocution competition-ൽ first prize-നേടിയ മിഥുൻ ഏബ്രഹാം.

## മാമോദീസ

1) ചുങ്കത്ത് ശ്രീ. ഡന്നി സി. ചാക്കോയുടെയും ശ്രീമതി മെബിൻ പോളിന്റെയും മകൾ സൂസന്ന 8-1-2010 ൽ പരുമല സെമിനാരി പള്ളിയിൽ വെച്ച് മാമോദീസ സ്വീകരിച്ചു.
2) എറണാകുളം കാരിക്കാമുറി നെല്ലിക്കൽ ശ്രീ. ബാബു കുര്യാക്കോസിന്റെയും ശ്രീമതി എ.ജെ. ആനിയുടെയും മകൾ മിറിയം 23-1-2010 ൽ മാമോദീസ സ്വീകരിച്ചു.
3) കോമ്പാറ പൊറത്തൂർ ശ്രീ. അജോ പി. ജോർജ്ജിന്റെയും ശ്രീമതി ടിനു അബി താഴത്തിന്റെയും മകൾ സൈറ മരിയ അജോ 23-1-2010 ൽ വെട്ടിക്കൽ ദയറാ പള്ളിയിൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## നിര്യാതനായി



പച്ചാളം പൊറത്തൂർ ശ്രീ. പി.സി. ഇട്ടൂപ്പ് (77) 11-1-2010 ൽ നിര്യാതനായി 12-1-2010-ൽ ഇളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

# കുടുംബ വിശേഷങ്ങൾ

## വിവാഹം

1. വൈറ്റില പന്നായിക്കടവിൽ ശ്രീ. വറുഗീസിന്റെയും ശ്രീമതി സുധാ വറുഗീസിന്റെയും മകൾ സീമയും കല്ലൂപ്പാറ കന്നാമല തെക്കേപറമ്പിൽ ശ്രീ. തോമസ് ഏബ്രഹാമിന്റെയും, ശ്രീമതി റേച്ചൽ തോമസിന്റെയും മകൻ അബിയും 9-1-2010-ൽ കത്തീഡ്രലിൽ വിവാഹിതരായി.
2. കാക്കനാട് പടമുകൾ മീനത്തേതിൽ ശ്രീ എം.ടി. സാമുവലിന്റെയും, ശ്രീമതി വത്സ സാമുവലിന്റെയും മകൻ സഞ്ചുവും വൈറ്റില നടുവിലേത്ത് ശ്രീ രാജു മാണിയുടെയും ശ്രീമതി ജസ്സിയുടെയും മകൾ ഐശ്വര്യ രാജുവും 10-1-2010 ൽ കത്തീഡ്രലിൽ വിവാഹിതരായി.
3. തൃക്കാക്കര മോടിശ്ശേരിൽ ശ്രീ. എം. പി. കുര്യന്റെയും ശ്രീമതി ഡോളി കുര്യന്റെയും മകൻ ഫിലിപ്സും തിരുവനന്തപുരം മണികണ്ഠേശ്വരം പാറപ്പുറത്ത് ശ്രീ. ജേക്കബ് തോമസ്സിന്റെയും ശ്രീമതി സോഫി ജേക്കബിന്റെയും മകൾ ഷെറിയും തമ്മിലുള്ള വിവാഹം 11-1-2010 ൽ കത്തീഡ്രലിൽ വച്ച് നടന്നു.
4. തിരുവാങ്കുളം നീറാൻമംഗൽ ശ്രീ. എൻ.സി. മത്തായിയുടെയും ശ്രീമതി മറിയാമ്മ മാത്യുവിന്റെയും മകൻ ജനീഷും മാമല പുലയത്ത് ശ്രീ ജോണിയുടെയും ശ്രീമതി ചിന്നമ്മയുടെയും മകൾ ജിൻസിയും, 17-1-2010 ൽ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ വിവാഹിതരായി.



5. കലൂർ മലക്കീൽ ശ്രീ. സി. എ. ജോളി പീറ്ററിന്റെയും ശ്രീമതി സി. എ. ജാസ്മിൻ ജോളിയുടെയും മകൻ പീറ്ററും വൈറ്റില ഇടുപ്പിള്ളിക്കുളങ്ങര ശ്രീ. ഇ. സി. റോജിയുടെയും ശ്രീമതി മോളി റോജിയുടെയും മകൾ ധന്യയും 31-1-2010 ൽ കത്തീഡ്രലിൽ വിവാഹിതരായി.



6. പുത്തൻകുരിശ് ബി.കെ. പുരെ കാവേരിയിൽ ശ്രീ. കെ.എസ്. ജോണിന്റെയും ശ്രീമതി അന്നമ്മ ജോണിന്റെയും മകൾ മേരിജോണും കുളനട മാന്തുക പുതിയ വീട് ശ്രീ. ഡി. ജോയിക്കുട്ടിയുടെയും, ശ്രീമതി ലീലാമ്മ ജോയിയുടെയും മകൻ ലിജു ജോയിയും തമ്മിലുള്ള വിവാഹം 3-1-2010 ൽ കുളനട സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടന്നു.
7. ഗാന്ധിനഗർ കടലൂർ ശ്രീ. കെ. വൈ. ഗീവർഗീസിന്റെയും ശ്രീമതി ലീലാമ്മയുടെയും മകൾ ഷൈനി (മേരി)യും അല്ലപ്ര കുഴിക്കാട്ടിൽ ശ്രീ. പൈലിയുടെയും, ശ്രീമതി അന്നക്കുട്ടിയുടെയും മകൻ ഷിബുവും (മത്തായി) 17-1-2010 ൽ അല്ലപ്ര സെന്റ് ജേക്കബ് പള്ളിയിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*




Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***